"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ / സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റവും നിയമനവും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ / സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥലംമാറ്റവും നിയമനവും പൂർണ അധിക ചുമതലയും നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.366/2025/Co-Op തീയതി,തിരുവനന്തപുരം, 01-08-2025

---

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 28/07/2025, 29/07/2025 എന്നീ തീയതികളിലെ ആർ.സി.എസ്./04/2025 ഇ.ബി.(1) നമ്പർ കത്തുകൾ

**ഉത്തരവ്**

സഹകരണ വകുപ്പിലെ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റവും നിയമനവും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ തസ്തികയിലെ സ്ഥലംമാറ്റവും നിയമനവും പൂർണ അധിക ചുമതലയും ചുവടെ പറയും പ്രകാരം നൽകി ഉടൻ പ്രാബല്യത്തിൽ ഉത്തരവാകുന്നു.

**107800-160000 രൂപ ശമ്പള സ്കെയിലിലുള്ള സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സഹകരണ ഓഡിറ്റ് അഡീഷണൽ ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം/നിയമനം.**

1. കണ്ണൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശ്രീ.രാമകൃഷ്ണൻ വി. (P.E.N. - 312937) - ക്ക് സ്ഥാനക്കയറ്റം നൽകി കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിലെ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നു.

2. തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി കെ. എൽ. പാർവ്വതി നായർ (P.E.N. - 159306) -ക്ക് സ്ഥാനക്കയറ്റം നൽകി സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയത്തിൽ സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)

തസ്തികയിലെ നിലവിലുള്ള ഒഴിവിലേക്ക് നിയമിക്കുന്നു.

**95600-153200 രൂപ ശമ്പള സ്കെയിലിലുള്ള സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ/ സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സ്ഥലംമാറ്റം/നിയമനം/പൂർണ അധിക ചുമതല.**

1. തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശ്രീമതി കെ. എൽ. പാർവ്വതി നായർക്ക് സ്ഥാനക്കയറ്റം നൽകിയതിലൂടെ ഉണ്ടായ ഒഴിവിലേക്ക് സഹകരണ ഓഡിറ്റ് ഡയറക്ടേറ്റിൽ സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ ആയി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. എസ്. പ്രബിത്ത് (P.E.N. - 159308) -നെ സ്ഥലംമാറ്റം നൽകി നിയമിക്കുന്നു.

2. സഹകരണ ഓഡിറ്റ് ഡയറക്ടേറ്റിലെ സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ പൂർണ അധിക ചുമതല തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നിർവ്വഹിക്കേണ്ടതാണ്. തിരുവനന്തപുരം സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ പൂർണ അധിക ചുമതല സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (SC/ST & ട്രെയിനിംഗ്) നു നൽകുന്നു.

3. സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയത്തിലെ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (പ്ലാനിംഗ് & മാർക്കറ്റിംഗ്) ശ്രീമതി വി. എൻ. ബിജു (P.E.N. - 182387) -നെയും തിരുവനന്തപുരം കേരള സംസ്ഥാന സഹകരണ ബാങ്ക് സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ / കൺകറന്റ് ഓഡിറ്റർ ശ്രീമതി ടി. എൽ. സുമ (P.E.N. - 159259) -യേയും പരസ്പരം സ്ഥലം മാറ്റം നൽകി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അമൃത്‌ലാൽ എ ആർ
ജോയിന്റ് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി (എ1/24/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Jithesh B K
Date: 01-08-2025 18:48:20
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേർസണൽ അസ്സിസ്റ്റന്റിന്